# പതിനാലാം കേരള നിയമസഭ

# ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 898 — 11.07.2016-ന് മറുപടിയ്ക്ക്

## ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തൽ

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | ഉത്തരം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്തെ ഭൂമി ഏറ്റെടുക്കൽ നടപടികളിൽ അനിശ്ചിതത്വം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഭൂമി ഏറ്റെടുക്കലിന് വേഗത വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; | എ) 01.01.2014 മുതൽ പ്രാബല്യത്തിലായിട്ടുള്ള പുതിയ എൽ.എ നിയമം 2013 ഉം അതിനെ അടിസ്ഥാനമാക്കി പുതിയ എൽ.എ ചട്ടങ്ങൾ 2015 ഉം നിലവിൽ വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ 1894 ലെ പഴയ സ്ഥലമെടുപ്പ് നിയമ പ്രകാരം 4 (1) വിജ്ഞാപനം നടന്ന കേസുകളിൽ പുതിയ സ്ഥലമെടുപ്പ് നിയമപ്രകാരം അവാർഡ് പാസ്സാക്കുകയും സ്ഥലമേറ്റെടുക്കുകയും ചെയ്തു വരുന്നുണ്ട്. പുതിയ നിയമം നടപ്പിലാക്കി വരുത്തുന്നതിന് ആവശ്യമുള്ള സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കാത്ത സാഹചര്യത്തിൽ കാല താമസമില്ലാതെ പുതിയ നിയമ പ്രകാരവും പൊന്നാം വിധ നടപടികൾ സ്വീകരിച്ചു വരുന്നതിനാൽ ഭൂമി ഏറ്റെടുക്കാൻ നടപടികളിൽ അനിശ്ചിതത്വം നിലവിലില്ല. |
| ബി) സംസ്ഥാനത്ത് സർവ്വെ വിഭാഗം ജീവനക്കാരെ പിൻവലിക്കുന്നത് സംബന്ധിച്ച് സർവ്വെ വകുപ്പ് ഡയറക്ടർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | ബി) ഇല്ല. |

സെക്ഷൻ ഓഫീസർ